"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- 2021-22 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ "2515-00-102-29(P)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ നിന്നും 36.66 കോടി രൂപ കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

G.O.(Rt)No.643/2022/LSGD തീയതി,തിരുവനന്തപുരം, 15-03-2022

---

പരാമർശം:-

1. 03.07.2018 തീയതിയിലെ സ.ഉ(പി) നം. 100/2018/ധന.
2. 30.04.2021 തീയതിയിലെ സ.ഉ(സാധാ) നം. 937/2021/തസ്വഭവ.
3. 31.05.2021 തീയതിയിലെ സ.ഉ(സാധാ) നം. 1065/2021/തസ്വഭവ.
4. 03.06.2021 തീയതിയിലെ സ.ഉ(സാധാ) നം. 1087/2021/തസ്വഭവ.
5. 18.08.2021 തീയതിയിലെ സ.ഉ(സാധാ) നം. 1592/2021/തസ്വഭവ.
6. 01.11..2021 തീയതിയിലെ സ.ഉ(സാധാ) നം. 2165/2021/തസ്വഭവ.
7. 03.02.2022 തീയതിയിലെ സ.ഉ(സാധാ) നം. 214/2022/തസ്വഭവ.
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.02.2022 ലെ 2425/എ/2021/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

2021-22 സാമ്പത്തിക വർഷത്തിൽ കുടുബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി "2515-00-102-29(P)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 200 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (3),(4),(5),(6),(7) എന്നീ ഉത്തരവുകൾ പ്രകാരം മേൽ ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും ആകെ 163.34 കോടി രൂപ അനുവദിച്ച നൽകുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേയ്ക്കായി പ്ലാൻ ഫണ്ടിൽ ബാക്കി അനുവദിച്ച് നൽകുവാനുള്ള 36.66 കോടി രൂപ കൂടി അടിയന്തരമായി അനുവദിച്ച നൽകണമെന്ന്

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം കുടുംബശ്രീയുടെ "2515-00-102-29(P)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 200 കോടി രൂപയിൽ നിന്നും നാളിതുവരെ അനുവദിച്ചു നൽകിയിട്ടുള്ള 163.34 കോടി രൂപയ്ക്ക് പുറമെ ബാക്കിയുള്ള 36.66 കോടി രൂപ കൂടി "2515-00-102-29(p)" എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

3.തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംങ് & ഡിസ്ബേർസിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ തുക വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SARADA MURALEEDHARAN I A S

ADDITIONAL CHIEF SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ,തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവന്തപുരം
ഡ്രോയിംങ് & ഡിസ്ബേർസിംഗ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്
തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(ഡെവ.-2/107/2021-ധന(1745353) തീയതി 07.03.2022)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(IA1/115/2021-LSG)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 16-03-2022 12:12:47**

സെക്ഷൻ ഓഫീസർ